**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4327** **18-07-2022 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സൗരോർജ്ജ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. യുടെ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി പുരപ്പുറ സൗരോർജ്ജ പാനലുകൾ എത്രയെണ്ണം ആരംഭിച്ചിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് മുഖേന 62.96 മെഗാവാട്ട് ശേഷിയുടെ 13,171 നിലയങ്ങളും അനെർട്ട് മുഖേന ഒരു മെഗാവാട്ട് ശേഷിയുടെ 292 നിലയങ്ങളും പൂർത്തീകരിച്ചു. |
| (ബി) | ഇത് മൂലം എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതി വഴി കെ.എസ്.ഇ.ബി.എൽ.-മുഖേന 44.44 മെഗാവാട്ടിന്റെ വൈദ്യുതിയും അനെർട്ട് മുഖേന ഒരു മെഗാവാട്ട് വൈദ്യുതിയും അധികമായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | കെ.എസ്.ഇ.ബി. യുടെ ഈ മാതൃക പദ്ധതിക്ക് റെഗുലേറ്ററി കമ്മീഷന്റെ നിലപാട് മൂലം തടസ്സങ്ങൾ നേരിട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | നിലവിൽ തടസ്സങ്ങളൊന്നും തന്നെ നേരിട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ